KSEB
കേരളത്തിന്റെ ഊർജ്ജം

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ്ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം , വെബ്സൈറ്റ്: www.kseb.in

ഫോൺ (ഓഫീസ് ): 0471 2514554 ഫാക്സ്: 0471 2440455 ഇമെയിൽ : safety@kseb.in

## സംഗ്രഹം

ബോർഡിലെ ചെറുകിട കരാർ ജീവനക്കാർക്ക് സുരക്ഷാ ഉപകരണങ്ങളായ ഫുൾ ബോഡി സേഫ്റ്റി ബെൽറ്റ് ,എർത്ത് റോഡ്, സേഫ്റ്റി ഷൂസ്, ഹെൽമെറ്റ് ഗ്ലൗസ് ഷോർട്ടിംഗ് ക്ലിപ്പുകൾ എന്നിവ വാങ്ങി നൽകുന്നത് സംബന്ധിച്ച് :- ഉത്തരവ് പുറപ്പെടുവിക്കുന്നു: -

കോർപ്പറേറ്റ് ഓഫീസ് (എസ് ബി യു - ജി /ഇ )

ഓഫീസ് ഉത്തരവ് ( സി. എം. ഡി) നം: 585 / 2018 (സി.എസ്.സി/സേഫ്റ്റി/ 2018/347) തിരുവനന്തപുരം തീയതി : 9 10 .2018

പരാമർശം : - 1.ചീഫ് സേഫ്റ്റി കമ്മിഷണറുടെ 07.08..2018 - ലെ CSC/safety/ Accident/2018-19/ 347-നമ്പർ കറിപ്പ് .

2.BO(CMD) No.1407/CSC/safety/2018-19/തിരുവനന്തപുരം / തീയതി 1/06/2018.

## ഉത്തരവ്

ബോർഡിന്റെ സെക്ഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് പെറ്റി കോൺട്രാക്ട് ജോലികൾ ചെയ്തു വരുന്ന കരാർ ജീവനക്കാർക്ക് സുരക്ഷാപാലനം ഉറപ്പുവരുത്തേണ്ടത് CEA റെഗുലേഷൻ അനുസരിച്ച് അനിവാര്യമാണ് .സുരക്ഷാ ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് വാങ്ങുന്നതിനും അവയുടെ ടെക്നിക്കൽ സ്പെസിഫിക്കേഷൻ എന്നിവ ലഭ്യമാക്കുന്നതിനും അതോടൊപ്പം ഇത്തരം സാധനങ്ങൾ ഒന്നിച്ചു വാങ്ങാനുള്ള സാമ്പത്തിക ശേഷി ഇല്ലാത്തവരുമാണ് ഈ കരാർ തൊഴിലാളികൾ എന്നുള്ളത് വസ്തുതയാണ് . 2018 വർഷത്തിൽ ഹരിപ്പാട്, പോത്താനിക്കാട്, തൃക്കാക്കര എന്നിവിടങ്ങളിൽ ഉണ്ടായ അപകട മരണകാരണം വൈദ്യുതി ലൈൻ എർത്ത് ചെയ്യാതിരുന്നതിനാലും ഫുൾ ബോഡി ബെൽറ്റ് ധരിക്കാതിരുന്നതു മൂലവും ആണ്.

ആയതിനാൽ കരാർ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി മേൽ സൂചന(2) പ്രകാരമുള്ള ബോർഡ് ഉത്തരവനുസരിച്ച് സേഫ്റ്റി കിറ്റിനായി വാങ്ങിയ സുരക്ഷ ഉപകരണങ്ങൾ( ഫുൾ ബോഡി സേഫ്റ്റി ബെൽറ്റ്,എർത്ത് റോഡ്, സേഫ്റ്റി ഷൂസ്, ഹെൽമെറ്റ്, ഗ്ലൗസ്, ഷോർട്ടിംഗ് ക്ലിപ്പുകൾ എന്നിവ)അതേ ഗുണനിലവാരത്തിൽ ഡിവിഷൻ/ സബ്ഡിവിഷൻ തലത്തിൽ വാങ്ങി നല്കണമെന്നുള്ള ചീഫ് സേഫ്റ്റി കമ്മീഷണറുടെ ശുപാർശ അംഗീകരിച്ച് താഴെ പറയുന്ന പ്രകാരം ബോർഡ് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മേൽ സൂചന(2) പ്രകാരമുള്ള ബോർഡ് ഉത്തരവനുസരിച്ച് സേഫ്റ്റി കിറ്റിനായി വാങ്ങിയ സുരക്ഷ ഉപകരണങ്ങൾ(ഫുൾ ബോഡി സേഫ്റ്റി ബെൽറ്റ്,എർത്ത് റോഡ്, സേഫ്റ്റി ഷൂസ്,ഹെൽമറ്റ് ഗ്ലൗസ് ,ഷോർട്ടിംഗ് ക്ലിപ്പുകൾ എന്നിവ)അതേ ഗുണനിലവാരത്തിൽ ഡിവിഷൻ/ സബ്ഡിവിഷൻ തലത്തിൽ വാങ്ങി നൽകേണ്ടതാണ്.

2. സുരക്ഷാ ഉപകരണങ്ങൾക്ക് ചിലവായ പണം കരാർ തൊഴിലാളികളിൽ നിന്നും സമ്മതപത്രം എഴുതി വാങ്ങിയ ശേഷം നൽകുകയും ടി പണം ഒന്നിച്ചോ പലിശരഹിത തവണയായോ ബില്ലിൽ നിന്ന് പിടിക്കുകയും ചെയ്യേണ്ടതാണ്.ഇവയുടെ വാറണ്ടി,മറ്റ അനുബന്ധകാര്യങ്ങൾ ഇവ ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്ന കമ്പനികൾ പെറ്റി കോൺട്രാക്റ്റുമായി നേരിട്ട് കരാർ ചെയ്യേണ്ടതാണ്.

3. മുകളിൽ സൂചിപ്പിച്ച നിലയിൽ സമ്മതപത്രം നൽകി സുരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ തയ്യാറല്ലാത്ത പെറ്റി കോൺട്രാക്ടർമാർ സ്വന്തം നിലയിൽ സുരക്ഷാ ഉപകരണങ്ങൾ വാങ്ങേണ്ടതാണ്. മേൽ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാത്ത പെറ്റി കോൺട്രാക്ടർമാരെ ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിലെ ജോലിയിൽനിന്നും പുറത്താക്കേണ്ടതാണ്. ഈ കാര്യം ബന്ധപെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ

ഉത്തരവിൻ പ്രകാരം

ഒപ്പ്/-

പി. ജി. ഉണ്ണികൃഷ്ണൻ

സെക്രട്ടറി (ഭരണം)

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി എ/ഡയറക്ടർ (ഡി & ഐ റ്റി) യുടെ ടി എ / ഡയറക്ടർ (സേഫ്റ്റി) യുടെ ടി എ/ സി എ ടു സെക്രട്ടറി (ഭരണം)/ലൈബ്രറി/ സ്റ്റോക്ക് ഫയൽ/ഫെയർ കോപ്പി സെക്ഷൻ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എഞ്ചിനീയർ (സേഫ്റ്റി )